# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 1579 — 10/02/2020-ൽ മറുപടിയ്ക്ക്

## ലൈഫ് പദ്ധതി പ്രകാരം നിർമ്മിക്കുന്ന ഭവനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ടി.വി.രാജേഷ് | | ശ്രീ.എ.സി.മൊയ്തീൻ (തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) | |
| എ) | ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് എത്ര വീട്ടുകൾ നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും എത്ര വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ടെന്നും അറിയിക്കുമോ; | എ) | ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ഒന്നും രണ്ടും ഘട്ടങ്ങളിലായി 240770 വീടുകൾ നിർമ്മിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിൽ 186960 വീടുകൾ നാളിതുവരെ പൂർത്തീകരിച്ചിട്ടുണ്ട്. മൂന്നാം ഘട്ടത്തിൽ ഭൂരഹിത ഭവനരഹിതരായി കണ്ടെത്തിയ 1,06,792 അർഹരായ ഗുണഭോക്താക്കൾക്ക് ഭവന സമുച്ചയങ്ങൾ വഴി ഫ്ളാറ്റ് നിർമ്മിച്ച് നൽകുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |
| ബി) | ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയിൽ എത്ര വീടുകൾ നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും എത്ര വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ടെന്നും അറിയിക്കുമോ; | ബി) | കണ്ണൂർ ജില്ലയിൽ 13014 വീടുകൾ നിർമ്മിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഇതിൽ 7965 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചു. |
| സി) | ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി കല്ല്യാശ്ശേരി മണ്ഡലത്തിൽ എത്ര വീടുകൾ നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും എത്ര വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ടെന്നും അറിയിക്കുമോ; | സി) | കല്ല്യാശ്ശേരി മണ്ഡലത്തിൽ 463 വീടുകൾ നിർമ്മിക്കുതിനാണ് ഉദ്ദേശിക്കുന്നത്. നാളിതുവരെ 294 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചു. |
| ഡി) | കണ്ണൂർ ജില്ലയിലെ പട്ടുവം ഗ്രാമപഞ്ചായത്തിനെ ലൈഫ് മിഷൻ ഭവന സമുച്ചയം നിർമ്മിക്കുന്ന ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് നടപടി | ഡി) | ലൈഫ് മിഷൻ ഭവനസമുച്ചയം നിർമ്മിക്കുന്ന സ്ഥലങ്ങളുടെ ലിസ്റ്റിൽ കണ്ണൂർ ജില്ലയിലെ പട്ടുവം എന്ന സ്ഥലം ഉൾപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | സ്വീകരിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച് 26/10/2019-ലെ എൽ.എസ്.ജി.ഡി.-DB1/101/2019-എൽ.എസ്.ജി.ഡി. നമ്പർ കത്തിന് ലൈഫ് മിഷൻ ഓഫീസിൽ നിന്നും മറുപടി ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | | കണ്ണൂർ ജില്ലയിലെ പട്ടുവം, കോഴിക്കോട് ജില്ലയിലെ മുക്കം എന്നീ സ്ഥലങ്ങൾ ലൈഫ് മിഷൻ ഭവനസമുച്ചയം നിർമ്മിക്കുന്ന സ്ഥലങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന വിവരം തദ്ദേശ സ്വയംഭരണ വകുപ്പിന് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ